പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4204

24.10.2016-ൽ മറുപടിയ്ക്ക്

## കൊക്കക്കോള കമ്പനിക്കെതിരെ പോലീസ് കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്. പി | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ പ്ലാച്ചിമടയിലെ കൊക്കക്കോള കമ്പനി ആദിവാസികൾക്ക് ലഭ്യമാകേണ്ട ജലം ചൂഷണം ചെയ്തതിനെതിരെയോ മറ്റു വിധത്തിലോ കമ്പനിക്കെതിരെ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?<br><br>(ബി) ഏതൊക്കെ വകുപ്പുകൾ അനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; വ്യക്തമാക്കുമോ ; | (എ) യും (ബി) യും പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പ്ലാച്ചിമട കൊക്കക്കോള കമ്പനിക്കെതിരെ ആദിവാസി കോളനിയിലെ ജല ചൂഷണത്തിനും, ഉൽപ്പാദന വേസ്റ്റ് നിക്ഷേപത്തിനും, കോളനിയിലെ കിണർ മലിനമാക്കിയതിനും ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിന് തങ്കവേലു, കന്നിമാരി എന്നിവരുടെ പരാതി പ്രകാരം മീനാക്ഷിപുരം പോലീസ് സ്റ്റേഷനിൽ ക്രൈം 308/16 (u/s 3(i)(x) of SC/ST PoA Act) ആയി 09.06.2016-ൽ കൊക്കക്കോള കമ്പനിയിലെ മാനേജർ, റീജിണൽ മാനേജർ, മാനേജിംഗ് ഡയറക്ടർ എന്നിവരെ പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, ടി കേസ് പാലക്കാട് ഡി.വൈ.എസ്.പി അന്വേഷിച്ചു വരുന്നതുമാണ്. |
| (സി) ഇതു സംബന്ധിച്ച തുടർ നടപടികളുടെ നിജസ്ഥിതി എന്ത് ; വിശദാംശം ലഭ്യമാക്കുമോ ; | (സി) ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിൽ പാലക്കാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തി വരികയാണ്. പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെ നിയമോപദേശം ഇക്കാര്യത്തിൽ ലഭിച്ചിട്ടുള്ളതും, അന്യായക്കാരന് നഷ്ടപരിഹാരത്തിനായി സിവിൽപരമായി പരിഹാരം തേടാവുന്നതാണെന്നും |

ടി കേസിൽ കൊക്കകോള കമ്പനിയുടെ ജലചൂഷണം ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിനെ മാത്രമല്ല ബാധിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. ടി കേസ് ഇപ്പോൾ ഊർജിതമായി അന്വേഷണം നടത്തി വരുന്നുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കേസിൽ എഫ്.ഐ.ആർ തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ; | (ഡി) | ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) | ഇത് സംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | (ഇ) | ഉണ്ട്. (സി) പിരിവിന്റെ മറുപടിയിൽ വിശദാംശം ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്